# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഖത്തർ തലസ്ഥാനമായ ദോഹയിൽ ഇറാന്റെ മിസൈൽ ആക്രമണം ; വ്യോമ പ്രതിരോധ സംവിധാനങ്ങൾ മിസൈലുകൾ തടഞ്ഞതായും ആളപായമില്ലെന്നും ഖത്തറും അമേരിക്കയും.

**Iran launched ballistic missile attacks at the Al Udeid Air Base in Qatar, the largest US military installation in West Asia. Qatari and US officials reported no casualties from the attacks.**

2. ഇറാൻ - ഇസ്രായേൽ സമ്പൂർണ്ണ വെടിനിർത്തലിന് ധാരണയായതായി യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്; അമേരിക്കയുടെ വാദം തള്ളി ഇറാൻ.

**US President Donald Trump has announced that Iran and Israel have agreed to a complete and total ceasefire. Iran rejected America's claim.**

3. ഖത്തറിലെ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് ഇന്ത്യൻ എംബസി ; ഇന്ത്യയിൽ നിന്നുള്ള നിരവധി വിമാന സർവീസുകൾ തടസ്സപ്പെട്ടു.

**Indian Embassy in Doha has urged Indian community in Qatar to be cautious. Several flight services from India have been disrupted.**

4 ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will inaugurate the centenary celebration of the historic conversation between two of India's greatest spiritual and moral leaders Sree Narayana Guru and Mahatma Gandhi in New Delhi today.**

**5 അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിനി രഞ്ജിതയുടെ സംസ്കാരം ഇന്ന്.**

**The funeral of Ranjitha, a native of Pathanamthitta who died in the Ahmedabad plane crash, will be held today.**

**6. ലീഡ്സ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 371 റൺസ് വിജയലക്ഷ്യം.**

**In Test cricket, India have set a target of 371 runs before England in the first match of the Anderson-Tendulkar Trophy at Headingley, Leeds.**

****************************

## IRAN STRIKE-US BASES.. (INTRO)

ഖത്തർ തലസ്ഥാനമായ ദോഹയിൽ അൽ ഉദൈദ് വ്യോമത്താവളത്തിന് നേരെ ഇറാന്റെ മിസൈൽ ആക്രമണം. ഇറാൻ ആണവ കേന്ദ്രങ്ങളിൽ അമേരിക്ക നടത്തിയ വ്യോമാക്രമണത്തിന് പകരമായാണ് യു.എസ് വ്യോമത്താവളങ്ങൾ ആക്രമിച്ചതെന്ന് ഇറാൻ വ്യക്തമാക്കി. വ്യോമ പ്രതിരോധ സംവിധാനങ്ങൾ മിസൈലുകൾ തടഞ്ഞതായും ആക്രമണങ്ങളിൽ ആളപായമുണ്ടായിട്ടില്ലെന്നും ഖത്തറും അമേരിക്കയും അറിയിച്ചു. ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, ഈജിപ്ത്, മൊറോക്കോ, ജോർദാൻ, തുർക്കി, യെമൻ തുടങ്ങിയ രാജ്യങ്ങൾ ആക്രമണത്തെ അപലപിച്ചു. ആക്രമണത്തെ തുടർന്ന് താൽക്കാലികമായി അടച്ച ബഹ്റൈൻ, കുവൈറ്റ്, യുഎഇ എന്നീ രാജ്യങ്ങളുടെ വ്യോമപാത വീണ്ടും തുറന്നിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ദുബായ് ലേഖകൻ വിനോദ് കുമാർ.....**

**(വോയിസ്)**

****************************

## TRUMP – IRAN ISREAL CEASEFIRE

ഇറാനും ഇസ്രായേലും തമ്മിൽ സമ്പൂർണ്ണ വെടിനിർത്തലിന് ധാരണയായതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഖത്തറിലെ യുഎസ് വ്യോമത്താവളത്തിന് നേരെ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിന് തൊട്ടുപിന്നാലെയാണ് ട്രംപിന്റെ പ്രഖ്യാപനം. ഇറാൻ വെടിനിർത്തലിന് തുടക്കമിടുമെന്നും, തുടർന്ന് ഇസ്രായേലും വെടിനിർത്തൽ പ്രഖ്യാപിക്കുമെന്നും, അടുത്ത 24 മണിക്കൂറിൽ, 12 ദിവസത്തെ യുദ്ധത്തിന് ഔദ്യോഗികമായി അന്ത്യം കുറിക്കുമെന്നുമായിരുന്നു യു.എസ് പ്രസിഡന്റിന്റെ പ്രസ്താവന.

****************************

## IRAN FM ARAGHCHI

അതെസമയം, വെടിനിർത്തൽ സംബന്ധിച്ച് യാതൊരു ധാരണയിലും എത്തിയിട്ടില്ലെന്ന് ഇറാൻ വിദേശകാര്യമന്ത്രി സെയ്ദ് അബ്ബാസ് അരാഗ്ച്ചി അറിയിച്ചു. സൈനിക നടപടികൾ അവസാനിപ്പിക്കുന്നതിന് കരാർ ഇല്ലെന്നും ഇറാനെതിരെയുള്ള ആക്രമണം ഇസ്രായേൽ ഭരണകൂടം അവസാനിപ്പിച്ചാൽ തിരിച്ചടി അവസാനിപ്പിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

****************************

## MEA QATAR

ഖത്തറിൽ ഇറാൻ നടത്തിയ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ സമൂഹം ജാഗ്രത പാലിക്കണമെന്നും വീടിനുള്ളിൽ തന്നെ തുടരണമെന്നും ദോഹയിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഖത്തർ അധികൃതരുടെ നിർദ്ദേശങ്ങളും പ്രാദേശിക വാർത്തകളും ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്.

****************************

## FLIGHT ADVISORY

ഇറാൻ ആക്രമണം കണക്കിലെടുത്ത് വിവിധ വ്യോമപാതകൾ അടച്ചതോടെ ഇന്ത്യയിൽ നിന്നുള്ള നിരവധി വിമാന സർവീസുകൾ റദ്ദാക്കുകയും വൈകുകയും ചെയ്തു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ, മേഖലയിലേക്കുള്ള വിമാനങ്ങൾ വഴി തിരിച്ചു വിടുകയോ ഇന്ത്യയിലേക്ക് മടങ്ങുകയോ ചെയ്യുമെന്ന് എയർ ഇന്ത്യ അറിയിച്ചു. വടക്കേ അമേരിക്കയിലേക്കും യൂറോപ്പിലേക്കുമുള്ള സർവീസുകളും നിർത്തിവെച്ചിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ വിമാനത്താവളങ്ങളിൽ നിന്നുള്ള വിവിധ വിമാന സർവീസുകളും തടസ്സപ്പെട്ടു. യാത്ര പുറപ്പെടും മുൻപ് അറിയിപ്പുകൾ ശ്രദ്ധിക്കണമെന്ന് സ്പൈസ് ജെറ്റും അറിയിച്ചു.

*****************************

## OIL – PRICES

ഖത്തറിലെ അൽ ഉദൈദ് യുഎസ് വ്യോമത്താവളത്തിൽ ഇറാൻ നടത്തിയ ആക്രമണത്തിന് ശേഷം ആഗോള എണ്ണവില അഞ്ച് വർഷത്തിനിടയിലെ ഏറ്റവും വലിയ ഇടിവ് രേഖപ്പെടുത്തി. ഇറാനിയൻ ആണവ കേന്ദ്രങ്ങൾക്കെതിരായ യുഎസ് ആക്രമണങ്ങൾക്ക് മറുപടിയായി ഇറാൻ നടപടികൾ ആരംഭിച്ചതിനെത്തുടർന്ന് എണ്ണവില 6 ശതമാനത്തിലധികം ഇടിഞ്ഞു, ബാരലിന് 5 യുഎസ് ഡോളറാണ് കുറഞ്ഞത്.

*****************************

## IRAN-IAEA SUSPENSION

അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുമായുള്ള സഹകരണം താൽക്കാലികമായി നിർത്തിവയ്ക്കുന്ന ബില്ലിന് ഇറാൻ ദേശീയ സുരക്ഷാ കമ്മിറ്റി അംഗീകാരം നൽകി. ആണവ സംവിധാനങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പാക്കും വരെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

നിർത്തിവയ്ക്കാൻ ലക്ഷ്യമിടുന്നതാണ് നിർദ്ദിഷ്ട നിയമനിർമ്മാണം. ബില്ലിന് പാർലമെന്റിന്റെ പൂർണ്ണ അംഗീകാരം ലഭിച്ചിട്ടില്ല. അന്താരാഷ്ട്ര ആണവോർജ ഏജൻസിയുമായി കൂടുതൽ സഹകരിക്കണമെങ്കിൽ സുരക്ഷ ഉറപ്പു നൽകണമെന്ന് ഇറാൻ അറിയിച്ചു.

****************************

## VP – GLOBAL ORDER (INTRO)

ഇന്ത്യ പോലെ സമാധാനം ആഗ്രഹിക്കുന്ന രാജ്യങ്ങൾക്ക് നിലവിലെ ആഗോള സ്ഥിതിഗതികൾ ആശങ്ക ഉയർത്തുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. സമത്വപരവും സമൂഹാധിഷ്ഠിതവുമായ ആഗോളവ്യവസ്ഥയെ കുറിച്ചുള്ള കാഴ്ചപാടാണ് ഇന്ത്യയുടെ പുരാതന തത്ത്വചിന്തകളിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ തത്ത്വചിന്തകൾ ഇന്നത്തെ ആധുനിക ലോകത്തിൽ ഏറെ പ്രസക്തമാണെന്നും ഉപരാഷ്ട്രപതി ന്യൂഡൽഹിയിൽ ഒരു പരിപാടിയിൽ പറഞ്ഞു.

(വോയിസ്)

****************************

## PM – CENTENARY CELEBRATION

ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. 1925 മാർച്ച് 12 ന് മഹാത്മാഗാന്ധി ശിവഗിരി മഠം സന്ദർശിച്ച വേളയിലാണ് ചരിത്രപരമായ സംഭാഷണം നടന്നത്. വൈക്കം സത്യഗ്രഹം, അഹിംസ, അയിത്തം നിർത്തലാക്കൽ, അധഃസ്ഥിതരുടെ ഉന്നമനം എന്നീ വിഷയങ്ങളിലായിരുന്നു ഇരുനേതാക്കളും ചർച്ച നടത്തിയത്. ഇന്ത്യയുടെ സാമൂഹികവും ധാർമികവുമായ ഘടനയെ രൂപപ്പെടുത്തുന്നതിന് സഹായിച്ച ഈ മഹത് സംഭാഷണത്തിൻറെ നൂറാം വാർഷിക

അനുസ്മരണത്തിൽ ആത്മീയ നേതാക്കളും മറ്റ് പ്രമുഖരും പങ്കെടുക്കും.

****************************

## SHAH – ZONAL COUNCIL MEETING

ഉത്തർപ്രദേശിലെ വാരാണസിയിൽ ആരംഭിക്കുന്ന മധ്യ മേഖലാ കൗൺസിലിൻറെ 25-ാമത് യോഗത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അധ്യക്ഷത വഹിക്കും. ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് കൗൺസിലിൽ ഉൾപ്പെടുന്നത്. ഈ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും രണ്ട് മുതിർന്ന മന്ത്രിമാരും യോഗത്തിൽ പങ്കെടുക്കും.

****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************

## EVE OPERATION SINDHU

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി 290 ഇന്ത്യാക്കാരും ഒരു ശ്രീലങ്കൻ പൗരനും ഇന്നലെ പ്രത്യേക വിമാനത്തിൽ ന്യൂഡൽഹിയിൽ എത്തി. ഇതുവരെ 2003 ഇന്ത്യാക്കാർ ഇറാനിൽ നിന്ന് മടങ്ങിയെത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതെസമയം, ജോർദാനിലെ അമ്മാനിൽ നിന്ന് 161 പേരടങ്ങുന്ന ആദ്യ സംഘം ഇന്ന് ഡൽഹിയിൽ എത്തും. ഓപ്പറേഷൻ സിന്ധുവിൻ്റെ ഭാഗമായി 14 മലയാളികൾ ഇന്ന് ഡൽഹി വിമാനത്താവളത്തിലെത്തി. ഇതിൽ 12 പേർ വിദ്യാർത്ഥികളാണ്.

****************************

## RANJITHA – FUNERAL

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരുടെ സംസ്കാരം ഇന്ന് നടക്കും. തിരുവനന്തപുരം വിമാനത്താവളത്തിൽ അൽപം മുൻപ് എത്തിച്ച മൃതദേഹം സ്വദേശമായ പുല്ലാടേക്ക് കൊണ്ടുപോകും. രഞ്ജിത പഠിച്ച ശ്രീ വിവേകാനന്ദ ഹൈസ്കൂളിൽ മൃതദേഹം ഉച്ചയ്ക്ക് പൊതുദർശനത്തിന് വയ്ക്കും. സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ നടക്കും.

****************************

## TEST CRICKET– IND – ENG

ലീഡ്സ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 371 റൺസ് വിജയലക്ഷ്യം. ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് 364 റൺസിന് അവസാനിച്ചു. 137 റൺസെടുത്ത കെ എൽ രാഹുൽ 118 റൺസെടുത്ത ഋഷഭ് പന്ത് എന്നിവരുടെ സെഞ്ചുറികളാണ് ഇന്ത്യയെ ഭേദപ്പെട്ട സ്കോറിലേക്ക് നയിച്ചത്. ഒരു ടെസ്റ്റ് മത്സരത്തിൽ രണ്ട് സെഞ്ച്വറികൾ നേടുന്ന ആദ്യ ഏഷ്യൻ വിക്കറ്റ് കീപ്പർ ബാറ്റ്സ്മാനായി ഋഷഭ് പന്ത് ചരിത്രം കുറിച്ചു, ആദ്യ ഇന്നിംഗ്സിൽ 134 റൺസും നേടി. നാലാം ദിവസം കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റ് നഷ്ടമില്ലാതെ 21 റൺസ് നേടിയിട്ടുണ്ട്. അവസാന ദിനമായ ഇന്ന് 350 റൺസ് കൂടി നേടേണ്ടതുണ്ട്.

****************************

## US OPEN–BADMINTON

ഈ വർഷത്തെ യുഎസ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെൻറിന് അയോവയിൽ ഇന്ന് തുടക്കം.

ഇന്ത്യൻ ടീമിനെ ലോക മുൻ ഒന്നാം നമ്പർ താരം കിഡംബി ശ്രീകാന്ത് നയിക്കും. വനിതാ സിംഗിൾസിൽ, ലോക 49-ാം സീഡായ ആകർഷി കശ്യപ് , അൻമോൾ ഖാർബ്, തൻവി ശർമ്മ, തന്യ ഹേമന്ത്, ശ്രിയാൻഷി എന്നിവരും ഇന്ത്യയ്ക്കായി കളിക്കും .

****************************

## ATHLETICS-NEERAJ CHOPRA

ചെക്ക് റിപ്പബ്ലിക്കിൽ നടക്കുന്ന ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് 2025 അത്‌ലറ്റിക്സ് ചാമ്പ്യൻ ഷിപ്പിൽ നിലവിലെ ജാവലിൻ ലോക ചാമ്പ്യൻ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരത്തിന് ഇറങ്ങും. ഇന്ത്യൻ സമയം രാത്രി 10:30 നാണ് മത്സരം. കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഗോൾഡൻ സ്പൈക്കിൽ മത്സരിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും പരിക്ക് കാരണം നീരജ് ചോപ്ര പിന്മാറിയിരുന്നു.

****************************

## PM – ANNUAL GENERAL MEETING

ന്യൂഡൽഹിയിലെ പ്രൈമിനിസ്റ്റേഴ്സ് മ്യൂസിയം ആൻഡ് ലൈബ്രറി സൊസൈറ്റിയുടെ 47-ാമത് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, നിർമല സീതാരാമൻ, അശ്വിനി വൈഷ്ണവ്, ഗജേന്ദ്ര സിങ് ശിഖാവത്ത്, ധർമേന്ദ്ര പ്രധാൻ തുടങ്ങിയവരും പങ്കെടുത്തു. 2022 ലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി സഗ്രഹാലയ ഉദ്ഘാടനം ചെയ്യ്തത്. മുൻ പ്രധാനമന്ത്രിമാർ ജനാധിപത്യത്തിനും രാജ്യത്തിനും നൽകിയ സംഭാവനകൾ അനുസ്മരിക്കുന്നതിനാണ് ഇത് സ്ഥാപിച്ചത്.

****************************

## UPS

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഏകീകൃത പെൻഷൻ പദ്ധതി പ്രകാരം ഓപ്ഷൻ സമർപ്പിക്കാനുള്ള സമയ പരിധി സെപ്റ്റംബർ 30 വരെ നീട്ടി. നേരത്തെ ഇത് ഈമാസം 30 വരെയായിരുന്നു. ഗുണഭോക്താക്കൾ നൽകിയ അപേക്ഷ പരിഗണിച്ചാണ് തീയതി നീട്ടിയത്. നിലവിലുള്ള ജീവനക്കാർക്കും വിരമിച്ചവർക്കും ഉൾപ്പെടെ ഇത് ബാധകമാണ്.

****************************

## PRESIDENT-BOOK LAUNCH

രാഷ്ട്രപതി ദ്രൗപദി മുർമു 2023 ഓഗസ്റ്റ് മുതൽ ഒരുവർഷ കാലയളവിൽ നടത്തിയ പ്രസംഗങ്ങൾ അടങ്ങുന്ന പുസ്തകം 'വിംഗ്സ് ടു ഔർ ഹോപ്പ് - വാല്യം 2' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ചടങ്ങിൽ കേന്ദ്ര മന്ത്രിമാരായ അശ്വിനി വൈഷ്ണവ്, എൽ.മുരുഗൻ എന്നിവർ പങ്കെടുത്തു.

****************************

## JITENDRA - SCIENCE

കഴിഞ്ഞ പതിനൊന്ന് വർഷങ്ങൾക്കിടെ രാജ്യത്തെ വളർച്ചയുടെ പ്രധാന ഘടകമായി സാങ്കേതികവിദ്യ മാറിയതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2014 ൽ 50 ബയോടെക് സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് പതിനായിരത്തിലധികം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നു. നവ ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ ശാസ്ത്രം, ഭരണ പരിഷ്കാരങ്ങൾ തുടങ്ങിയവ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും ശ്രീ.ജിതേന്ദ്ര സിംഗ് പറഞ്ഞു.

*****************************************************************************